പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.875

29.09.2016-ൽ മറുപടിക്ക്

നെൽ വയലുകളും, തണ്ണീർ തടങ്ങളും നികത്തുന്നതിനെതിരെയുള്ള നടപടി

ചോദ്യം

ശ്രീ.എ. പ്രദീപ്കുമാർ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനധികൃതമായി കുന്നുകൾ ഇടിച്ച് നിരത്തി നെൽ വയലുകളും, തണ്ണീർ തടങ്ങളും നികത്തുന്നതിനെതിരെ 15.06.2016-ലെ 29626/പി1/ 2016/റവന്യൂ നമ്പർ സർക്കുലർ പ്രകാരം കോഴിക്കോട് ജില്ലയിൽ സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | കോഴിക്കോട് ജില്ലയിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 നടപ്പിൽ വരുത്തുന്നതിനായി 15.06.2016-ലെ 29626/പി1/2016 റവന്യൂ നമ്പർ സർക്കാർ സർക്കുലർ പ്രകാരം നിയമം ലംഘിക്കുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും അതിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ കസ്റ്റഡിയിലെടുത്ത് സർക്കാരിലേയ്ക്ക് കണ്ടു കെട്ടുകയും ചെയ്യുന്നതിനായി ജില്ലയിലെ എല്ലാ കൃഷി ആഫീസർമാരും തഹസീൽദാർമാരും വില്ലേജ് ഓഫീസർമാരും അതീവ ശ്രദ്ധ ചെലുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 7(1) പ്രകാരം നെൽവയൽ തണ്ണീർത്തടങ്ങളുടെ അനധികൃത പരിവർത്തനം റിപ്പോർട്ട് ചെയ്യുന്നതിന് അധികാരപ്പെട്ട എല്ലാ കൃഷി ഫീൽഡ് |

| | | | |
|---|---|---|---|
| | | | ആഫീസർമാർക്കും പ്രിൻസിപ്പൽ കൃഷി ആഫീസർ നിർദ്ദേശം നൽകുന്നതിനും ഇത്തരത്തിൽ ലഭിക്കുന്ന റിപ്പോർട്ടുകളിൻമേലും വകുപ്പ് 12(1) പ്രകാരം അധികാരപ്പെട്ട വില്ലേജ് ഓഫീസർമാർ സ്വമേധയാ എടുക്കുന്ന കേസുകളിലും, വകുപ്പ് 19(1) പ്രകാരം വില്ലേജ് ഓഫീസർമാരും പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാരും കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങളുടെ കാര്യത്തിലും നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്ന വാഹനങ്ങൾ സംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾ R.D.O യുടെ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകി.<br><br>15.06.2016-ലെ 29626/പി1/2016 റവന്യൂ നമ്പർ സർക്കാർ സർക്കുലറിന്റെ പകർപ്പ് സബ്ബ് കളക്ടർ, കോഴിക്കോട് ജില്ലാ പോലീസ് ചീഫ്, തഹസീൽദാർ എന്നിവർക്ക് കർശന മേൽ നടപടികൾക്കായി അയച്ചു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ